**<u>വളരെ അടിയന്തിരം</u>**

നമ്പർ : ജി1/10069/2013/ഡിഎച്ച്.

ഹോമിയോപ്പതി ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 03/10/2013.

## <u>സർക്കുലർ</u>

വിഷയം :- ഹോമിയോപ്പതി വകുപ്പ് - ശബരിമല, മണ്ഡലപൂജ - മകരവിളക്ക് മഹോത്സവം 2013-14 ജീവനക്കാരുടെ ലിസ്റ്റ് അയച്ചു തരുന്നത് - സംബന്ധിച്ച്.

2013-14 വർഷത്തെ ശബരിമല, മണ്ഡലപൂജ, മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന താത്ക്കാലിക ഹോമിയോ ഡിസ്പെൻസറികളിൽ സ്പെഷ്യൽ ഡ്യൂട്ടി ചെയ്യുന്നതിന് താത്പര്യമുള്ള മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, ക്ലാസ്സ് ഫോർ എന്നീ വിഭാഗത്തിലെ ജീവനക്കാരുടെ അപേക്ഷ, സമ്മതപത്രം എന്നിവ സഹിതം ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് ജില്ലാ മെഡിക്കലാഫീസർമാർ 2013 ഒക്ടോബർ 31-ാം തീയതിയ്ക്ക് മുമ്പായി ഈ ആഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

സ്പെഷ്യൽ ഡ്യൂട്ടി ടേം 10 ദിവസമായിരിക്കും. മേൽപ്പറഞ്ഞ ജീവനക്കാരുടെ എണ്ണത്തിൽ കുറവു വന്നാൽ ഈ ആഫീസിൽ നിന്നും നേരിട്ട് ജീവനക്കാരെ നിയമിക്കുന്നതും, ജീവനക്കാർ നിർബന്ധമായും ഉത്തരവ് പാലിക്കേണ്ടതുമാണ്. ജില്ലാ മെഡിക്കലാഫീസർമാർ ഈ സർക്കുലർ യഥാസമയം ജീവനക്കാരെ അറിയിക്കേണ്ടതും അപേക്ഷയും മറ്റും കൃത്യസമയത്തു തന്നെ ഈ ആഫീസിൽ എത്തിച്ചു തരേണ്ടതുമാണ്. സർക്കാരിന്റെ പ്രത്യേക നിർദ്ദേശം ഉള്ളതിനാൽ ഈ ഉത്തരവ് നിരാകരിക്കുന്നവർ അതു വഴിയുണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് ഉത്തരവാദികളായിരിയ്ക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

**ഡോ: കെ. ജമുന**
**ഹോമിയോപ്പതി ഡയറക്ടർ.**

എല്ലാ ജില്ലാ മെഡിക്കലാഫീസർമാർക്കും
സി എ റ്റു ഡി എച്ച്/ഡെപ്യൂട്ടി ഡയറക്ടർ/ എ ഒ/ എ എ/സൂപ്രണ്ട്, ഇഎ/ഇബി/ അക്കൗണ്ട്സ്/ പ്ലാനിംഗ്/ ജി1/എ1/ എസ്. എഫ്

ജി.എം